## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 700** — **28.02.2017-ൽ മറുപടിയ്ക്ക്**

## <u>സഹകരണ ബാങ്ക് വായ്പ പലിശ</u>

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. അനിൽ അക്കര | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സഹകരണ ബാങ്കുകളിൽ നിന്നും ഹ്രസ്വകാല വായ്പ എടുത്ത കർഷകരുടെ 2016 -നവംബർ, ഡിസംബർ മാസത്തെ പലിശ എഴുതി തള്ളുവാൻ കേന്ദ്രസർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു മൂലം കർഷകർക്ക് എത്ര കോടി രൂപയുടെ ആനുകൂല്യമാണ് ലഭിക്കുക യെന്ന് വ്യക്തമാക്കുമോ ; | (എ) | സഹകരണ സംഘങ്ങൾ/ബാങ്കുകൾ 7 ശതമാനം പലിശനിരക്കിൽ 01.04.2016 മുതൽ 30.09.2016 വരെ വിതരണം ചെയ്തിരുന്ന 3 ലക്ഷം രൂപവരെയുള്ള കാർഷിക വായ്പകളിൽ 01.11.2016 മുതൽ 31.12.2016 വരെയുള്ള കാലയളവിൽ ബാക്കി നിൽക്കുന്ന വായ്പകൾക്ക് 01.11.2016 മുതൽ 31.12.2016 വരെയുള്ള 2 മാസക്കാലയളവിലെ പലിശ എഴുതിത്തള്ളു വാൻ നബാർഡ് മുഖാന്തിരം നിർദേശം നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച നടപടിക്രമങ്ങൾ സംഘങ്ങൾ 28.02.2017-ന് മുൻപായി പൂർത്തിയാക്കേണ്ടതാണെന്ന് നിർദേശിച്ചിട്ടുള്ളതിനാൽ ആയതിന് ശേഷമേ കർഷകർക്ക് ലഭ്യമായ ആനുകൂല്യം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുകയുള്ളൂ. |
| (ബി) | സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പലിശ മോറട്ടോറിയം, കർഷകർക്ക് എന്നുവരെയാണ് അനുവദിച്ചത് ; ഇതിനകം പലിശ അടച്ച കർഷകർക്ക് പ്രസ്തുത തുക തിരിച്ച് നൽകുമോ ? | (ബി) | നോട്ട് അസാധുവാക്കിയതുമൂലം ജനങ്ങൾക്കുണ്ടായ അസൗകര്യം ലഘൂകരിക്കുന്നതിനായി 2017 മാർച്ച് 31 വരെ റവന്യൂ റിക്കവറി/ജപ്തി ഉൾപ്പെടെയുള്ള നിർബന്ധിത നടപടികൾക്ക് സർക്കാർ മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ